ആഗോളവത്കരണം മനുഷ്യരെ എല്ലാവരേയും ഒന്നുപോലെ ആക്കികൊണ്ടിരിക്കുകയാണ്. ഒരേ അഭിരുചി, ഒരേ ജീവിതലക്ഷ്യം, ഒരേ കുടുംബവ്യവസ്ഥ, ഒരേ ഭാഷ, ഒരേ വ്യവഹാരം അങ്ങിനെ ആരിൽനിന്ന് ആരേയും തിരിച്ചറിയാനാവാത്ത അഥവാ തിരിച്ചറിയേണ്ടതില്ലാത്ത കാലം വന്നു ചേർന്നിരിക്കുന്നു. പഴയ കാലത്തിന്റെ വൈവിധ്യങ്ങളെല്ലാം പൊയ്ക്കൊണ്ടിരിക്കുമ്പോൾ കൈയും കെട്ടി നോക്കി നില്ക്കാതെ തന്നാലാവുന്നത് കോരിയെടുത്ത് പാത്രത്തിലാക്കിയാലെന്താ?

# ദുബായിൽപ്പോവാനെത്ര കാശു വേണം?

കെ.ആർ. ഇന്ദിര



ചിത്രീകരണം : മണികണ്ഠൻ പുന്നയ്ക്കൽ

"ങ്ങട് കേറിക്കോളീ"

"ഹെയ്, ദ്പ്പൊ എങ്ങന്യാ ജീപ്പ്ന്റെ ഉള്ളില്യ്ക്കങ്ങട് കടന്ന് കൂട്വാ?"

"ങ്ങളാ കുട്മ്യങ്ങട് മാറ്റിപ്പിടിക്കിൻ നമ്പ്യൂര്യച്ചാ. അത് കമ്പിക്കൊളത്ത് മ്മെ കുട്ങ്ങിക്കെടക്കല്ലെ? ന്ന്ട്ട് ആ കജ്ജ് ങ്ങട്ട് തെരിൻ....."

"അ: അ: അ: ങ് ങ് ങ്ങനെ...

രച്ചപ്പെട്ട്. ഇങ്ങള് പ്പൊ സെരിക്ക് അവുത്തായിക്ക്ണ്"

"ഹാവൂ ശ്വാസം നേരെ വീണു. ന്നാലോ ഇതൊര ഭ്യാസം തന്ന്യാണേയ്. പറയാണ്ടിരിക്കാൻ വയ്യ. എങ്ങന്യാ ആളോള് ദൊക്കെ കഴിച്ചൂട്ട്ണ്ത് ന്നറിഞ്ഞൂടാ"

"എന്തായാലും ങ്ങള്പ്പൊദ് കയിച്ചൂട്ട്യലോ. എല്ലാ, ങ്ങള് പ്പൊ ദെബ്ട്ന്നാ ബെര്ണ്?"

"പ്ലാമന്തോള് പോയിട്ട് വര്വാ. മഹളെ ഒന്നു കാണാം ന്ന് നിരീച്ചു. എന്താ ദൂരം! മേഴത്തൂര്ന്ന് കൂറ്റനാട്ടയ്ക്ക്, അവ്ട്ന്ന് പട്ടാമ്പിക്ക്, പട്ടാമ്പീന്ന് പ്ലാമന്തോള്ല്യ്ക്ക്.... അങ്ങട്ടും ഇങ്ങട്ടും കൂടി ആറ് വാഹനം!"

"ഇങ്ങള് ദുബായിൽക്കൊന്ന്വല്ലലോ നമ്പ്യൂരച്ചാ പോയത്! ഈ പ്ലാമന്തോള് വരെല്ലേ?

"ഹെയ്, ദുബായി ച്ചാ ശ്ശി ദൂര്യാണോ?"

"എന്തേയ്, തംസം ണ്ടോ ങ്ങക്ക്? ഞമ്മടെ കുടീന്ന് മൂന്നെണ്ണാ ദുബായില്. അറിയ്യോ ങ്ങക്ക്?"

"ഹൗ അപ്പൊ ശ്ശി പണം സമ്പാദിക്ക്ണ്ടാവൂലോ. ന്ന്ട്ട് താൻപ്പൊന്താ ഈ ചാക്കുകെട്ടും വള്ളിച്ചെരിപ്പും ഒക്ക്യായിട്ട് ങ്ങനെ കൂടീരിയ്ക്ക്ണ്ത്?"

"അദ്പൊ ഞമ്മടെ കയിവേടം ഞമ്മള് കൈവിട്ടൂടല്ലോ"

"ദുബായിലൊക്കെ പോണം ച്ചാ ശ്ശി വഴി പോണം, ശ്ശി ഉറുപ്പ്യേം വേണംല്ലെ?"

"വിസക്ക്ള്ള കായി അറ്വതിനായിരൂം വിമാനക്കൂലി മുപ്പത്തയ്യായിരൂം വക്കും തെല്ലും പൊട്ടാതെ മാണം. അപ്പൊ മൂന്നാൾക്ക്ള്ള കായി എത്ര്യായീ നമ്പൂര്യച്ചാ? ങ്ങള് കണക്കൂട്ടൂടീം"

"അദ്പ്പോ... അറ്പതിനായിരോം മുപ്പത്തയ്യായിരോം കൂട്യായാപ്പൊ എത്ര്യായീ? അറുപതിനായിരൂം മുപ്പത്തയ്യായിരോം..."

"അയിനെ മൂന്നോണ്ട് പെരുക്കും വേണം നമ്പ്യൂരച്ചോ. ങ്ങള് ദെയിര്യായിറ്റ് കണക്കൂട്ടിക്കോളീ. ജീപ്പ് ഷാട്ടാക്കാൻ ഞ്ഞീം നേരംണ്ട്. ഞമ്മള് അന്നേരം കൊണ്ട് ഒരാപ്പ് ചായ കുടിച്ച് ബെരാ!"

*ആകാശവാണി, രാമവർമ്മപുരം, തൃശൂർ*

പ്രതീക്ഷിക്കുക

കേരളീയം പുസ്തകശാല
നവംബറിൽ
പ്രസിദ്ധീകരിക്കുന്നു.

ഇല്ലംനിറ
(കഥകൾ)
കെ.ആർ. ഇന്ദിര
നൂറോളം പേജ്